"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കാസറഗോഡ് ജില്ല - ചെങ്കള ഗ്രാമപഞ്ചായത്ത് മുൻ യു.ഡി. ക്ലാർക്ക് ശ്രീ. സാജൻ വിൻസന്റിനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.2909/2022/LSGD തീയതി,തിരുവനന്തപുരം, 24-11-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 25/09/2014ലെ ഇ14 (ക്യൂ.വി. 04/14 കെ.എസ.ഡി)30546/14 നമ്പർ റിപ്പോർട്ട്.
2. സർക്കാരിന്റെ 04/03/2016 ലെ 457/ഇപിബി3/15/തസ്വഭവ. നമ്പർ കുറ്റാരോപണ മെമ്മോ.
3. പഞ്ചായത്ത് ഡയറക്ടറുടെ 02.11.2016-ലെ ഡി1-17229/16 നമ്പർ കത്ത്.

<u>ഉത്തരവ്</u>

കാസർഗോഡ് ജില്ലയിലെ ചെങ്കള ഗ്രൂപ്പ് വില്ലേജ് ഓഫീസ് പരിധിയിൽ വരുന്ന മുട്ടത്തൊടി വില്ലേജിൽ റി.സ. നമ്പർ 229/2 - ൽ പ്പെട്ട പഞ്ചായത്ത് കിണർ ഉൾപ്പെട്ടതും സെന്റിന് സുമാർ 4 ലക്ഷത്തോളം വിലവരുന്നതുമായ സർക്കാർ സ്ഥലം അബ്ദുള്ള എന്നയാൾ കയ്യേറിയെന്നും പഞ്ചായത്ത്, റവന്യൂ ഉദ്യോഗസ്ഥരുടെ സജീവ ഒത്താശയോടെ മേൽപ്പറഞ്ഞ സ്ഥലത്ത് ടിയാൻ കെട്ടിടം നിർമ്മിച്ചുവെന്നുമുള്ള പരാതിയുടെ അടിസ്ഥാനത്തിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ മിന്നൽ പരിശോധന നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിരുന്നു.

അന്വേഷണത്തിൽ, ശ്രീ. എൻ.എ അബ്ദുള്ള എന്നവർ കെട്ടിട നിർമ്മാണ പ്രവൃത്തി ലിന്റൽ വരെ നടത്തിയ ശേഷമാണ് ചെങ്കള പഞ്ചായത്തിൽ പെർമിറ്റിന് അപേക്ഷ നല്കിയത് എന്നും ബിൽഡിങ്ങ് പെർമിറ്റിനുള്ള അപേക്ഷയിൽ സ്ഥല പരിശോധന നടത്തിയ പഞ്ചായത്തിലെ യു..ഡി. ക്ലർക്ക് സാജൻ വിൻസെന്റ് വീടിന്റെ നിർമ്മാണം ലിന്റൽ വരെ നടത്തിയതായി റിപ്പോർട്ട് ചെയ്യാതെ പെർമിറ്റ് അനുവദിക്കാമെന്ന് ശുപാർശ ചെയ്യുകയാണ് ചെയ്തത് എന്നും കെട്ടിട നിർമ്മാണം ആരംഭിച്ച ശേഷം പെർമിറ്റ് അനുവദിക്കുന്നുവെങ്കിൽ പെർമിറ്റ് ഫീസിന്റെ 3 മടങ്ങ് (പെർമിറ്റ് ഫീസ് 2 ഇരട്ടി) ഈടാക്കേണ്ടതുണ്ടെന്ന് കേരള കെട്ടിട നിർമ്മാണ ചട്ടങ്ങൾ 137(4)-ൽ അനുശാസിക്കുന്നുണ്ട്. സ്ഥല പരിശോധന നടത്തിയ ഉദ്യോഗസ്ഥൻ ടി കാര്യം മറച്ചുവെച്ചതു കാരണം പഞ്ചായത്തിന് ലഭിക്കേണ്ട പെർമിറ്റ് ഫീ ഇനത്തിൽ 2000 രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട് എന്നും കണ്ടെത്തിയിരുന്നു.

മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സാജൻ വിൻസെന്റിനെതിരെ പരാമർശം (2) പ്രകാരം ലഘു ശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചിരുന്നു. എന്നാൽ ടിയാൻ ഹയർ സെക്കണ്ടറി വകുപ്പിൽ HSST ആയി നിയമനം ലഭിച്ചതിനാൽ 26.02.2016 നു വകുപ്പിൽ നിന്ന് വിട്ടു പോയിട്ടുണ്ട് എന്ന് പഞ്ചായത്ത് ഡയറക്ടർ പരാമർശം (3) പ്രകാരം അറിയിക്കുകയും കുറ്റപത്രം തിരികെ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ലഘു ശിക്ഷക്കുള്ള കുറ്റപത്രമാണ്

തയ്യാറാക്കിയതെന്ന വസ്തുത പരിഗണിച്ച് 6 വർഷങ്ങൾക്കിപ്പുറം കുറ്റാരോപണമെമ്മോ പൊതു വിദ്യാഭ്യാസ വകുപ്പ് മുഖേന നൽകി അച്ചടക്കനടപടി ആരംഭിക്കേണ്ട ആവശ്യകതയുണ്ടെന്ന് കാണാത്ത സാഹചര്യത്തിൽ കാസർഗോഡ് ജില്ലയിലെ ചെങ്കള പഞ്ചായത്തിലെ യു.ഡി. ക്ലർക്കായിരിക്കുകയും നിലവിൽ ഹയർ സെക്കണ്ടറി വകുപ്പിൽ HSST ആയി ജോലി നോക്കുകയും ചെയ്യുന്ന ശ്രീ. സാജൻ വിൻസെന്റിനെതിരായ അച്ചടക്കനടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡിഷണൽ സെക്രട്ടറി

1. ശ്രീ. സാജൻ വിൻസന്റ്, മുൻ യു.ഡി. ക്ലാർക്ക്, ചെങ്കള ഗ്രാമപഞ്ചായത്ത്, കാസറഗോഡ് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന).
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം.
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ.
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കാസറഗോഡ്.
6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം.
7. വിജിലൻസ് (ഡി) വകുപ്പ് (VIG-D2/174/2022-VIG വിജി. തീയതി 10/11/2022 നമ്പർ കുറിപ്പ് പ്രകാരം).
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി. (ഫയൽ നം. ഇപിബി3/457/2015/തസ്വഭവ.)

ഉത്തരവിൻ പ്രകാരം
Signed by Noushad M
Date: 25-11-2022 10:15:35
സെക്ഷൻ ഓഫീസർ